(എഫ്) കോർപ്പറേഷന്റെ കൺസ്ട്രക്ഷൻ വർക്കുകൾ നടപ്പാക്കുന്നത് ഏത് ഏജൻസി വഴിയാണ്;

(ജി) കോർപ്പറേഷൻ നേരിട്ട് എത്ര കോടി രൂപയുടെ പണികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്;

(എച്ച്) ഇതിന്റെ മേൽനോട്ടം നടത്തുന്നതിനും മേൻമ പരിശോധിക്കുന്നതിനും ഏതൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ഇക്കാര്യത്തിൽ നിയോഗിച്ചിട്ടുള്ളത്?

ഉത്തരം

(എ) മാനേജിംഗ് ഡയറക്ടർ (ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് പദവിയിലുള്ള ഉദ്യോഗസ്ഥനാണ്.)

(ബി) ഭരണകാര്യങ്ങൾ ലയിസൺ ഓഫീസറും ധനകാര്യങ്ങൾ ഫിനാൻസ് മാനേജരുമാണ് കൈകാര്യം ചെയ്യുന്നത്. അവരെ സഹായിക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ രണ്ടു പേരെ നിയമിച്ചിട്ടുണ്ട്.

(സി) 179 ദിവസത്തേയ്ക്ക് മാത്രം.

(ഡി) ഇല്ല.

(ഇ) കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനം അനുസരിച്ചാണ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ആളുകളെ നിയമിച്ചിട്ടുള്ളത്.

(എഫ്) പോലീസ് അക്കാദമി, കെ.എ.പി. 3-ാം ബറ്റാലിയൻ ഹെഡ് ക്വാർട്ടേഴ്സ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ് കോംപ്ലക്സ് തുടങ്ങിയ വൻകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർക്കിടെക്ചറൽ കൺസൾട്ടന്റിന്റെയും കോർപ്പറേഷനിൽ സെൻട്രൽ പി.ഡബ്ളിയു.ഡി യിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതനായ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും മേൽനോട്ടം ഉണ്ടായിരിക്കും. സൂപ്രണ്ടിംഗ് എഞ്ചിനീയറെ സഹായിക്കുന്നതിന് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സൈറ്റ് സൂപ്പർവൈസർമാരേയും നിയമിച്ചിട്ടുണ്ട്.പോലീസ് സ്റ്റേഷൻ, പോലീസ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പത്രത്തിൽ പരസ്യം കൊടുത്ത് ടെണ്ടർ വിളിച്ച് നിലവിലുള്ള നിയമാവലിക്കനുസൃതമായിട്ടാണ് നടത്തുന്നത്.

(ജി) 71.53 കോടി രൂപയുടെ പണികൾ.

(എച്ച്) കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർക്കിടെക്ചറൽ കൺസൾട്ടന്റിന്റെയും സെൻട്രൽ പി.ഡബ്ലിയു.ഡി. യിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതനായ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും മേൽനോട്ടം ഉണ്ടായിരിക്കും. സൂപ്രണ്ടിംഗ് എഞ്ചിനീയറെ സഹായിക്കുന്നതിന് സൈറ്റ് സൂപ്പർവൈസർമാരേയും നിയോഗിച്ചിട്ടുണ്ട്.

63 (81) ഇളംകുളം ബാങ്കിലെ അഴിമതി

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോട്ടയം ജില്ലയിലെ ഇളംകുളം ബാങ്കിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ബി) പൂർത്തിയായില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ ആരൊക്കെയാണ് അഴിമതിയ്ക്ക് ഉത്തരവാദികളെന്നും ആർക്കൊക്കെ എതിരെ കേസ് എടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) എത്ര രൂപയുടെ അഴിമതി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇളംകുളം ബാങ്കിന്റെ ഉപസ്ഥാപനമായ കോട്ടയം ജില്ലാ ടൂറിസം സൊസൈറ്റിയിൽ നടന്ന അഴിമതിയെക്കുറിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ എത്ര രൂപയുടെ അഴിമതി നടന്നതായി തെളിഞ്ഞിട്ടുണ്ട്.;

(എഫ്)ഈ അഴിമതികളുടെ പേരിൽ ആർക്കൊക്കെ വിജിലൻസ് കോടതിയിൽ കേസ് എടുത്തിട്ടുണ്ടെന്നും എന്നാണ് കോടതിയിൽ ചാർജ്ജ് ഷീറ്റ് കൊടുത്തതെന്നും വ്യക്തമാക്കാമോ;

(ജി) ഈ കേസിൽ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെ അറസ്റ്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഐ) ഇളംകുളം ബാങ്കിന്റെയും ടൂറിസം സൊസൈറ്റിയുടേയും അഴിമതി കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ സ്വാധീനമാണ് വിജിലൻസ് അന്വേഷണം വർഷങ്ങളായി നീണ്ടുപോകുന്നതെന്നുള്ള ബാങ്ക് സംരക്ഷണ സമിതിയുടെ ആരോപണം ശരിയാണോ;

(ജെ) ശരിയല്ലെങ്കിൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കുവാനും അഴിമതി നടത്തിയവർക്ക് എതിരെ നിയമനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും തയ്യാറാകുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അഴിമതിയെ സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) കേസന്വേഷണവുമായി ബന്ധപ്പെട്ട് വളരെയധികം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തേണ്ടതുകൊണ്ടും വളരെയേറെ രേഖകളും പല റിക്കാർഡുകളും വളരെയേറെ പഴക്കമുള്ളതാകയാൽ അവ തിരഞ്ഞു പിടിച്ചു പരിശോധിക്കുന്നതിന് സമയം ആവശ്യമായതിനാലുമാണ് കേസന്വേഷണം പൂർത്തിയാക്കാൻ കാലതാമസമുണ്ടാകുന്നത്.

(സി) അന്വേഷണം പൂർത്തിയായാൽ മാത്രമേ അഴിമതിയ്ക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(ഡി) അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് കൃത്യമായി പറയാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോട്ടയം ജില്ലാ ടൂറിസം സൊസൈറ്റിയിൽ നടന്ന അഴിമതിയെ സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായാൽ മാത്രമേ ക്രമക്കേടു നടന്ന സംഖ്യയുടെ കൃത്യമായ കണക്ക് വെളിവാക്കാൻ കഴിയൂ.

(എഫ്) കേസന്വേഷണം നടന്നുവരികയാണ്. ചാർജ്ജു ഷീറ്റ് നൽകിയിട്ടില്ല.

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(എച്ച്) വിജിലൻസ് കേസുകളിൽ ട്രാപ്പ് കേസുകളിൽ (കൈക്കൂലി വാങ്ങുന്നത് കയ്യോടെ പിടികൂടുന്ന കേസുകളിൽ) മാത്രമേ പ്രതികളെ അറസ്റ്റ് ചെയ്യാറുള്ളൂ.

(ഐ) ഈ ആരോപണം ശരിയല്ല. കേസന്വേഷണം പൂർത്തിയാക്കുന്നതിന് സ്വാഭാവികമായി ഉള്ള കാലതാമസം മാത്രമേ ഉള്ളൂ.

(ജെ) അന്വേഷണം ത്വരിതപ്പെടുത്തുന്നതാണ്.

64 (82) കേരളത്തിലെ പത്രപ്രവർത്തകർ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ പത്രപ്രവർത്തകർ സി.ഐ.എ.യുടെ പണം പറ്റുന്നതായി കേരളാപോലീസ്, ഇന്റലിജൻസ് എന്നിവയ്ക്ക് എന്തെങ്കിലും വിവരം ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടക്കുകയാണ്.

65 (83) മലപ്പുറം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേള

ശ്രീ. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേള നടക്കവേ ഒരു സംഘം സാമൂഹ്യവിരുദ്ധർ വേദിയിൽ അതിക്രമിച്ചു കടന്നു ബലപ്രയോഗം നടത്തി മേള അലങ്കോലപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അതിക്രമത്തെ തുടർന്ന് ഈ പരിപാടി നിർത്തിവയ്ക്കപ്പെടുകയുണ്ടായോ;

(സി) ഇതിൽ ആരെല്ലാമാണ് പ്രതികൾ, എത്രപേരെ അറസ്റ്റുചെയ്തു; എത്രപേരെ അറസ്റ്റുചെയ്യാൻ ഉണ്ട്;

(ഡി) ഈ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ചാർജ്ജ് ചെയ്യാനാവും.

LIBRARY ARCHIVES Kerala Legislative Assembly